**പതിമൂന്നാംകേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.104 08.02.2013 - ൽ മറുപടിക്ക്**

## <u>നാഷണൽ ഹൈവേകളുടെ വികസനം</u>

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**<br>**,, സി. മോയിൻകുട്ടി**<br>**,, പി.ബി. അബ്ദുൾ റസാക്**<br>**,, പി. ഉബൈദുള്ള** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) നാഷണൽ ഹൈവേകളുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിലുള്ള പ്രതിസന്ധിയും കാല താമസവും സംസ്ഥാനത്തിന്റെ പാതാ വികസന പ്രവർത്തന ങ്ങളിൽ നിന്നും ദേശീയ പാതാ വികസന അതോറിറ്റിയെ പിന്മാറാൻ പ്രേരിപ്പിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അതു മുഖേന ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(സി) പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) & (സി) ഉണ്ട്. വർദ്ധിച്ചുവരുന്ന വാഹന ഗതാഗതത്തിനനുസരിച്ച് ദേശീയ പാതകളുടെ വികസനം സമയബന്ധി തമായി പൂർത്തിയാക്കിയാൽ മാത്രമേ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർണ്ണമാവുക യുള്ളൂ. നിലവിൽ BOT അടിസ്ഥാന ത്തിലാണ് ദേശീയപാതാവികസനം നടപ്പിലാക്കുവാൻ നിശ്ചയിച്ചിട്ടുള്ള തെങ്കിലും ഭൂമി സമയബന്ധിതമായി |

ഏറ്റെടുത്ത് എൻ.എച്ച്.എ.ഐ.യ്ക്ക് കൈമാറിയാൽ മാത്രമേ ദേശീയപാതാ വികസനം പ്രാവർത്തികമാവുകയുള്ളൂ. കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 3A(1) നോട്ടിഫിക്കേഷന്റെ കാലാവധി ഒരു വർഷമാണ്. ആയത് 26.03.2013 -ൽ അവസാനിക്കും. ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാധാരണഗതിയിൽ അലൈൻമെന്റ് സംബന്ധിച്ചുള്ള പരാതികൾ എൻ.എച്ച്.എ.ഐ.യാണ് പരിശോധിക്കുന്നതെങ്കിലും സർക്കാരിൽ നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ 16.01.2013 -ലെ സ.ഉ.(സാധാ) നം.76/2013/പൊമവ ഉത്തരവ് പ്രകാരം കെ.എസ്.റ്റി.പി. പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അലൈൻമെന്റ് സംബന്ധിച്ച പരാതികൾ പരിശോധിക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. ഇതു കൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്. ജനപ്രതിനിധികൾ ഉന്നയിക്കുന്ന പരാതികൾ ബഹു.മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും ഉന്നതതല .യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ